ട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) ഫാമുകളിലെ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മണ്ണു സംരക്ഷണം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ ശമ്പളപരിഷ്കരണത്തിനായി രൂപീകരിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. സ്ഥിരം തൊഴിലാളികളുടെ നിലവിലുള്ള ശമ്പള നിരക്ക് വർദ്ധിപ്പിയ്ക്കുന്നതിനും സമയബന്ധിത ഹയർഗ്രേഡിന്റെ കാലദൈർഘ്യം 10,18,23,30 വർഷങ്ങളായി പരിഷ്കരിയ്ക്കുന്നതിനും മറ്റ് അലവൻസുകൾ നിലവിലുള്ള നിരക്കിൽ നിന്നും വർദ്ധിപ്പിയ്ക്കുന്നതിനും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. കാഷ്വൽ തൊഴിലാളികളുടെ അടിസ്ഥാന ശമ്പളത്തിലും ക്ഷാമബത്തയിലും വർദ്ധനവ് ശുപാർശ ചെയ്യുന്നതോടൊപ്പം തൊഴിലാളികളുടെ ക്ഷേമത്തിനായി പലവിധ വായ്പകളും ഈ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഓരോ ഫാമിലെയും സ്ഥിരം തൊഴിലാളികളുടെ അംഗസംഖ്യ പുനർനിർണ്ണയം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ യോഗ്യരായ കാഷ്വൽ തൊഴിലാളികളിൽനിന്നും നിലവിലുള്ള വ്യവസ്ഥ പ്രകാരം നികത്തുവാൻ ജില്ലാ ഓഫീസർമാർക്ക് കൃഷി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന തലത്തിൽ ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി ഫാം കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇക്കാര്യം പഠിച്ച് കൃഷി അഡീഷണൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

134 (1866) ഫാമുകളിലെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.ഒ. (എം.എസ്) 322/97/കൃഷി തീയതി 24.12.1997 ഉത്തരവ് അനുസരിച്ച് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകൾക്ക് കീഴിലുള്ള ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്ക് പ്രതിമാസം 50 രൂപ ഇടക്കാലാശ്വാസം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് അനുസരിച്ച് മേൽപ്പറഞ്ഞ എല്ലാ സർക്കാർ ഫാമുകളിലും ഈ തുക നൽകുന്നുണ്ടോ;

(സി) ഇടക്കാലാശ്വാസം ലഭിക്കുന്നില്ല എന്ന പരാതി ഏതെങ്കിലും ഫാമുകളിലെ തൊഴിലാളികൾ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മേൽപ്പറഞ്ഞ ഫാമുകളിലെ എല്ലാ തൊഴിലാളികൾക്കും ഇത് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 8.10.1997-ലെ ജി.ഒ. (എം.എസ്) 274/97/ കൃഷി പ്രകാരം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മണ്ണുസംരക്ഷണം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്കും കാഷ്വൽ തൊഴിലാളികൾക്കും 1.4.1997 മുതൽ പ്രതിമാസം 50 രൂപ നിരക്കിൽ ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

135 (1867) കൃഷിവകുപ്പിലെ തൊഴിലാളികൾക്ക് ക്ഷാമബത്ത

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മണ്ണുസംരക്ഷണം എന്നീ വകുപ്പുകളിലെ സ്ഥിരം കാഷ്വൽ തൊഴിലാളികൾക്ക് 2/97-ലെ ഒരു സർക്കാർ ഉത്തരവ് പ്രകാരം 1995 ആഗസ്റ്റ് മുതൽ ക്ഷാമബത്ത വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ;

(ബി) മേല്പറഞ്ഞ വകുപ്പുകളിലെ എല്ലാഫാമുകളിലും ഇതു അനുസരിച്ചുള്ള ക്ഷാമബത്ത നൽകി വരുന്നുണ്ടോ;

(സി) പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത ലഭിയ്ക്കുന്നില്ല എന്ന പരാതി ഏതെങ്കിലും ഫാമുകളിലെ തൊഴിലാളികളിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ഡി) എല്ലാ ഫാമുകളിലേയും തൊഴിലാളികൾക്ക് മേൽ ഉത്തരവ് അനുസരിച്ചു ക്ഷാമബത്ത നൽകുന്നു എന്നുറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

136 (1868) ചെറുകിട കർഷകർക്ക് പെൻഷൻ

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട കർഷകർക്ക് പെൻഷൻ നൽകുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് കമ്മീഷനെ നിയമിച്ചിരുന്നോ;

(ബി) എങ്കിൽ ആ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ട് നൽകുന്നതിന് കാലപരിധി നിശ്ചയിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly